# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
**V.P. MARAKKAR SMARAKA MANDIRAM**
**AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001**
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

PRESIDENT
K.P. DHANAPALAN Ex.M.P

GENERAL SECRETARY
SIBYKUTTY FRANCIS

TREASURER
V. GOPAKUMAR


No. K.E.E.C/Gl/2014

തിരുവനന്തപുരം,
27. 10. 2014

സ്വീകർത്താവ്

ഡയറക്ടർ ഡിസ്ട്രിബ്യൂഷൻ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതി ഭവനം, പട്ടം
തിരുവനന്തപുരം.

സർ,

വിഷയം : മോഡൽ സെക്ഷൻ സമ്പ്രദായം - നിർത്തലാക്കണ
സംബന്ധിച്ച്

സൂചന :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ
ഉപഭോക്താക്കൾ നേരിട്ട് ബന്ധപ്പെടുന്നത് ഇലക്ട്രിക്കൽ
സെക്ഷൻ ഓഫീസുമായിട്ടാണ്. ഉപഭോക്താക്കളുടെ വൈദ്യു
സംബന്ധിച്ച ആവശ്യങ്ങൾ നിറവേറ്റുന്നതും പരാതികൾ പരിഹ
ക്കുന്നതും അതുവഴി K.S.E.B. Ltd ന്റെയും ഗവണ്മെന്റിന്റെയും
പ്രതിച്ഛായ വർദ്ധിക്കുന്നതും സെക്ഷൻ ഓഫീസുകളിലൂടെയാ

മോഡൽ സെക്ഷൻ സമ്പ്രദായം പ്രാവർത്തിക
മായതോടെ ഉപഭോക്താക്കളുടെ പരാതികൾ വർദ്ധിക്കുകയു
കൂടാതെ അപകടങ്ങളും ജീവഹാനിയും നിരന്തരം സംഭവിച്ചു-
കൊണ്ടിരിക്കുകയും ചെയ്യുന്നു. മുൻപ് ഉണ്ടായിരുന്ന സെന്റർ
സംവിധാനത്തിൽ ഉപഭോക്താക്കളുടെ പരാതികൾ പെട്ടെ
പരിഹരിച്ച് ഉപഭോക്തൃ സംതൃപ്തി നിലനിർത്താൻ ജീവനക്കാ
കഴിഞ്ഞിരുന്നു. ഇക്കാലങ്ങളിൽ ഇലക്ട്രിക്കൽ അപകടങ്ങൾ
താരതമ്യേന കുറവായിരുന്നു.

ഈ സാഹചര്യത്തിൽ ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽ
റൂറൽ, സെമി അർബൻ മേഖലകളിൽ മോഡൽ സെക്ഷൻ

- മറുപുറം -

സമ്പ്രദായം നിർത്തലാക്കി സെന്റർ സംവിധാനം ഏർപ്പെടുത്തുന്നത് ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ബോർഡിനും ഒരു പോലെ ഗുണകരമായിരിക്കും.

സെന്റർ സമ്പ്രദായം നടപ്പിലാക്കുമ്പോൾ ഒരു സെക്ഷനെ പല ഏരിയകളായി തിരിച്ച് ഓരോ ഏരിയായും ഒരു ഓവർസിയറും രണ്ട് ലൈൻമാൻമാരും ഉൾപ്പെടുന്ന ടീമിനെ സബ് എൻജിനീയറുടെ മേൽ നോട്ടത്തിൽ ഏൽപ്പിക്കാവുന്നതാണ 6 മാസത്തിലൊരിക്കൽ ടീമുകളെ ഏരിയ മാറ്റി നിയമിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ കോൺഫെഡറേഷൻ ഇതിന് മുമ്പ് സമർപ്പിച്ചിരുന്നു.

ആയതിനാൽ മോഡൽ സെക്ഷൻ സംവിധാനം റൂറൽ, സെമി അർബൻ മേഖലകളിൽ നിർത്തലാക്കി പകരം മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്ന സെന്റർ സംവിധാനം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി